**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 505** **13-08-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ വനവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ .പി. കെ. ബഷീർ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണത്തിനായി സബ്സിഡി നിരക്കിൽ വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ; | (എ) | ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാവർഷവും സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പ് വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്ത് വരുന്നുണ്ട്. ഈ വർഷം ജൂൺ 5 പരിസ്ഥിതി ദിനം മുതൽ ജൂലായ് 7 വനമഹോത്സവം സമാപനദിനം വരെ വൃക്ഷത്തൈകൾ സ.ഉ (സാധാ.) നം.142 /21/വനം തീയതി 07/05/2021 പ്രകാരം സൗജന്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, പൊതുജനങ്ങൾ തുടങ്ങിയവർക്ക് വിതരണം ചെയ്തിട്ടുണ്ട്. തുടർന്നുള്ള കാലയളവിൽ സ.ഉ(സാധാ.)നം. 139/2021/വനം, തീയതി 03.05.21 പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തൈകൾ നൽകി വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത വൃക്ഷത്തൈകളുടെ തുടർ പരിപാലനത്തിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (ബി) | മേൽപ്പറഞ്ഞ പ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും, സംഘടനകളിലും, വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇതിനായി ഒരു ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പും, ഉന്നതവിദ്യാഭ്യാസ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും വിലയിരുത്തുന്നതിനും, അതിജീവനശതമാനം ഉറപ്പിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാവിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (സി) | സ്വകാര്യ ഭൂമിയിൽ കൂടുതൽ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള സ്വകാര്യ വനവൽക്കരണ പദ്ധതിയ്ക്കായി നൽകിവരുന്ന ധനസഹായങ്ങൾ എന്തെല്ലാമാണ്; | (സി) | സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 29.09.2012-ലെ സ.ഉ(സാധാ)നം. 486/12/വനം പ്രകാരം 2012 വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50/- രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30/- രൂപ നിരക്കിലുമാണ് ധന സഹായം നൽകുന്നത്. |
| (ഡി) | സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ പ്രവർത്തന ഫലമായി വനവൽക്കരണ രംഗത്തുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ? | (ഡി) | ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത, ഓഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ ഹരിതകേരളം പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ |

| | | | |
|---|---|---|---|
| | | | വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതികൾ എല്ലാംതന്നെ വനേതര പ്രദേശങ്ങളിലും സ്വകാര്യ ഭൂമികളിലും തടി ലഭ്യത വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്. സാമൂഹ്യവനവൽക്കരണ വിഭാഗം നടപ്പിലാക്കുന്ന പദ്ധതികൾ മൂലം സംസ്ഥാനത്ത്വൃക്ഷ സമ്പത്ത് വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ റിസർവ്വ് ഫോറസ്റ്റിന് വെളിയിലുള്ള ട്രീ കവർ (TOF) 37% ആണെന്ന് ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിസർവ്വ് വനപ്രദേശത്തെ 29.5% ന് പുറമേ ആണ് ഇത്. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹിക വനവൽക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്. |

സെക്ഷൻ ഓഫീസർ